# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2992 07.12.2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്ത് എവിടെയെങ്കിലും ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എവിടെയെങ്കിലും പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | മാവേലിക്കരയിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 19.09.2013 ൽ ചേർന്ന ഇ.എസ്.ഐ കോർപ്പറേഷന്റെ 160-ാമത് യോഗം തീരുമാനമെടുത്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ഉത്തരവുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ടി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി ഏകദേശം 30 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് കേന്ദ്ര സർക്കാർ 13.11.2013 ൽ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ പിന്നീട് ഇ.എസ്.ഐ കോർപ്പറേഷൻ മെഡിക്കൽ |
| (സി) | ആലപ്പുഴ ജില്ലയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; | | |
| (ഡി) | ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ; കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ഇത്തരം നിർദ്ദേശമോ ഉത്തരവോ കേന്ദ്ര സർക്കാർ | | |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | വിദ്യാഭ്യാസ രംഗത്തു നിന്നും പിൻവാങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ